(ഡി) 27-12-2013-ലെ സ.ഉ (സാധാ) നമ്പർ 1689/13/പൊ.മ.വ. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെ 375 ലക്ഷം രൂപയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ-ജി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

294(3219) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ അവയുടെ തുക സഹിതം ലഭ്യമാക്കാമോ ?

ഉത്തരം

ചടയമംഗലം മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത

295(3220) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത കെ.എസ്.റ്റി.പി. ഏറ്റെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഏറ്റെടുക്കൽ നടന്നത് ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; ഇപ്പോൾ റോഡിന്റെ ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിന് തന്നെയാണോ ; എങ്കിൽ എന്തുകൊണ്ട് കഴിഞ്ഞ കുറേ വർഷങ്ങളായി റീടാറിംഗ് ഒഴിവാക്കി കുഴിയടയ്ക്കൽ മാത്രം നടത്തുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.ടി.പി. പ്രസ്തുത റോഡ് ഏറ്റെടുത്ത് പണി ആരംഭിച്ചെങ്കിൽ എവിടെയൊക്കെ പണി നടന്നെന്നും അവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ ; പ്രസ്തുത പണികൾക്ക് എത്ര തുക വീതമാണ് ചെലവഴിച്ചത് ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly